**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1771** **08-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാരണം നിർത്തിവച്ച സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാരണം നിർത്തിവച്ച കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിച്ചുതുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ജനോപകാരപ്രദമല്ലാത്തതും, ഡീസൽ തുക പോലും ലഭിക്കാത്തതുമായ ട്രിപ്പുകൾ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുന:ക്രമീകരിക്കുകയും, ഇത്തരത്തിൽ ക്രമീകരണത്തിനുശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | കോഴിക്കോട് ജില്ലയിൽ മേപ്പയൂർ-കീഴൂർ-പള്ളിക്കര-നന്തി-കൊയിലാണ്ടി-മെഡിക്കൽ കോളേജ് റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ മേപ്പയൂർ-കീഴൂർ-പള്ളിക്കര-നന്തി-കൊയിലാണ്ടി-മെഡിക്കൽ കോളേജ് റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ് കോവിഡ് മഹാമാരിയെ തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങളെ തുടർന്ന് യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായ സാഹചര്യത്തിലാണ് നിർത്തിവച്ചിട്ടുള്ളത്. നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത്തരത്തിൽ നഷ്ടം സഹിച്ച് പൊതുജനങ്ങൾക്കും കെ.എസ്.ആർ.ടി.സി.യ്ക്കും ഗുണകരമല്ലാത്ത വിധത്തിൽ സർവ്വീസ് നടത്തിക്കൊണ്ടു പോകുവാൻ കഴിയാത്ത സാഹചര്യമാണ്. എന്നിരുന്നാലും യാത്രക്കാരുടെ ആവശ്യകതയ്ക്കനുസരിച്ച് സാധ്യതാ പഠനം നടത്തി ഡീസൽ ചെലവ് ലഭിക്കാത്ത ട്രിപ്പുകൾ, മറ്റ് ട്രിപ്പുകൾ പുന:ക്രമീകരിച്ച് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ മേപ്പയൂർ-കീഴൂർ-പള്ളിക്കര-നന്തി-കൊയിലാണ്ടി-മെഡിക്കൽ കോളേജ് റൂട്ടിലെ |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി. സർവ്വീസ് കോവിഡ് മഹാമാരിയെ തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങളെ തുടർന്ന് യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായ സാഹചര്യത്തിലാണ് നിർത്തിവച്ചിട്ടുള്ളത്. നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ ഇത്തരത്തിൽ നഷ്ടം സഹിച്ച് പൊതുജനങ്ങൾക്കും കെ.എസ്.ആർ.ടി.സി.യ്ക്കും ഗുണകരമല്ലാത്ത വിധത്തിൽ സർവ്വീസ് നടത്തിക്കൊണ്ടു പോകുവാൻ കഴിയാത്ത സാഹചര്യമാണ്. എന്നിരുന്നാലും യാത്രക്കാരുടെ ആവശ്യകതയ്ക്കനുസരിച്ച് സാധ്യതാ പഠനം നടത്തി ഡീസൽ ചെലവ് ലഭിക്കാത്ത ട്രിപ്പുകൾ മറ്റ് ട്രിപ്പുകൾ പുന:ക്രമീകരിച്ച് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ